(ബി&സി)

സാമ്പത്തിക വർഷം	ഫീൽഡ് പബ്ലിസിറ്റി ശീർഷകം ഉൾപ്പെടെ പത്ര-ദൃശ്യ മാധ്യമങ്ങൾക്കായി ചെലവഴിച്ച ഇക	ബഡ്ജറ്റ് വിഹിതവും അധിക ഫണ്ട് ഉൾപ്പെടെ അനുവദിച്ച ഇക
2011-12	36,17,86,702	36 . 90 കോടി രൂപ
2012-13	26,48,10,268	23 കോടി രൂപ
2013-14	24,02,36,409	22 കോടി രൂപ
2014-15 (28-2-2015 വരെ)	26,32,06,524	30 കോടി രൂപ

* 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഫീൽഡ് പബ്ലിസിറ്റി ശീർഷകത്തിൽനിന്നും ചെലവായ 3,49,40,972 രൂപയും 2,02,59,660 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആഗോള പ്രവാസി മലയാളി സംഗമം

92 (1493) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള പ്രവാസി മലയാളി സംഗമ പ്രഖ്യാപനങ്ങളും തീരുമാനങ്ങളും എന്തൊക്കെയെന്ന വിശദമാക്കാമോ ;

(ബി) സംഗമത്തിന്റെ ഭാഗമായി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) 2015 ജനുവരി 16,17 തീയതികളിൽ കൊച്ചിയിൽ നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധ നീതിന്യായ അധികാരമുള്ള എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കും.

2. പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തനത് മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും.

3. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും.

4. കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർനാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും.

5. പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ, പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും.

6. വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവവിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും.

7. സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും.

(ബി) സംഗമത്തിന്റെ ഭാഗമായി പുനരധിവാസ പാക്കേജിൽ പദ്ധതികൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല

ഗൾഫ് നാടുകളിൽനിന്നും തിരിച്ചുവന്ന മലയാളികൾ

93 (1494) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുവൈറ്റിൽ വിദേശ തൊഴിലാളികളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമുണ്ടായതിനെതുടർന്ന് നാട്ടിലേക്ക് തിരിച്ചുവരാൻ നിർബന്ധിക്കപ്പെട്ട പ്രവാസി മലയാളികൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly